**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *67** **28.09.2016 ന് മറുപടിയ്ക്ക്**

**'സുബോധം' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, ടി.എ.അഹമ്മദ് കബീർ<br>ഡോ.എം. കെ. മുനീർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യവിപത്ത് തടയാൻ മദ്യവർജ്ജനവും ബോധവത്ക്കരണവും എന്ന നയം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ മദ്യത്തിനെതിരെ ബോധവത്ക്കരണത്തിനായി ആവിഷ്കരിച്ച 'സുബോധം' പദ്ധതി തുടർന്നും നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ബി) | മദ്യത്തിനെതിരെ ബോധവത്ക്കരണത്തിനായി ആവിഷ്കരിച്ച സുബോധം പദ്ധതി പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. അതിനാൽ മദ്യ ഉപയോഗത്തിൽ നിന്നും വിട്ടുനില്ക്കുവാനും, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും ബോധവത്ക്കരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനും ഒരു ബോധവത്ക്കരണ മിഷൻ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും, വിദ്യാർത്ഥി-യുവജന സംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | 'സുബോധം' പദ്ധതിക്ക് പോരായ്മകൾ ഉള്ളതായി കരുതുന്നുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | സുബോധം പദ്ധതി ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാക്ഷാത്കരിച്ചതായി കരുതുന്നില്ല. മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക, ദുരിത ലഘൂകരണം, ശാസ്ത്രീയമായ പഠനം എന്നിവയ്ക്ക് സുബോധം പദ്ധതിയിൽ ഊന്നൽ നൽകിയിരുന്നെങ്കിലും ഇക്കാര്യങ്ങളിൽ ഉദ്ദേശലക്ഷ്യത്തിനനുസൃതമായ ദിശയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കൂടുതൽ ജനകീയ പങ്കാളിത്തത്തോടുകൂടിയ ഒരു ബോധവത്ക്കരണ മിഷൻ രൂപീകരിച്ച് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**